പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റ് വർദ്ധനവ്

39(750) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.പി., കെ.എ.പി, എം.എസ്.പി എന്നീ ബറ്റാലിയനുകളിൽ ട്രെയിനിംഗ് ലഭിച്ച പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് എന്നാണ് ഗവൺമെന്റ് ഉത്തരവ് നിലവിൽ വന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ കുടിശ്ശിക തുക പോലീസ് കോൺസ്റ്റബിൾമാർക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക അടിയന്തിരമായി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(ബി) ട്രെയിനിംഗ് കാലയളവിൽ പോലീസ് കോൺസ്റ്റബിൾമാർക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് തുക 1.3.97 മുതൽ 3050/-രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 20.5.99-ലെ ജി.ഒ.(ആർ.ടി) 1962/99/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)-(ഇ) പുതുക്കിയ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് 1.3.97 മുതൽ 31.10.98 വരെയുള്ള ശമ്പള കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കാലയളവിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക്, പരിശീലനകാലത്ത് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങുവാൻ കഴിയുകയില്ല. ആയതിനാൽ അവർക്കുള്ള സ്റ്റൈപ്പന്റ് കുടിശ്ശിക തുകയായി നൽകണമോ അതോ പരിശീലനം പൂർത്തിയാക്കിയശേഷം തുടങ്ങുന്ന പി.എഫ് അക്കൗണ്ടിൽ ലയിപ്പിക്കണമോ എന്ന കാര്യത്തെ സംബന്ധിച്ച് ഡി.ജി.പി. സർക്കാരിനോട് ഒരു വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വിഷയത്തിൽ താമസംവിനാ ഒരു തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റാന്നി പോലീസ് സ്റ്റേഷൻ

40(751) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷൻ എന്നാണ് പ്രവർത്തനമാരംഭിച്ചത്;

(ബി) ഒരു ഔട്ട് പോസ്റ്റായി ആരംഭിച്ച ഈ സ്റ്റേഷൻ കെട്ടിടത്തിന് ആകെ എത്ര വിസ്തീർണ്ണം ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly